(ഡി) ഗ്രാമീൺ ബാങ്കുകളെ സ്പോൺസർ ബാങ്കുകളിൽ ലയിപ്പിക്കാൻ നിർദ്ദേശമുണ്ടോ;

(ഇ) എങ്കിൽ ഈ നിർദ്ദേശം സംസ്ഥാനത്തിന് സഹായകമാണോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ട് ഗ്രാമീണ ബാങ്കുകളാണ് പ്രവർത്തിക്കുന്നത്.

1. കണ്ണൂർ ആസ്ഥാനമായ നോർത്ത് മലബാർ ഗ്രാമീണ ബാങ്ക്.
2. മലപ്പുറം ആസ്ഥാനമായ സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്.

(ബി) രണ്ട് ഗ്രാമീണ ബാങ്കുകളും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) സൗത്ത് മലബാർ ഗ്രമീണ ബാങ്കിനെ കാനറാബാങ്കും നോർത്ത് മലബാർ ഗ്രാമീണ ബാങ്കിനെ സിൻഡിക്കേറ്റ് ബാങ്കും ആണ് സ്പോൺസർ ചെയ്തിരിക്കുന്നത്.

(ഡി) ഗ്രാമീണ ബാങ്കുകളുടെ പ്രവർത്തനം വിലയിരുത്താൻ കേന്ദ്ര സർക്കാർ നിയമിച്ച വർക്കിംഗ് ഗ്രൂപ്പ് ഈ നിർദ്ദേശം വച്ചിട്ടുണ്ട്.

(ഇ) ഈ നിർദ്ദേശം സംസ്ഥാനത്തിനു സ്വീകാര്യമല്ലെന്നും ഇപ്പോഴത്തെ നില തുടരണമെന്നും ഇതേപ്പറ്റി വിളിച്ചുകൂട്ടിയ യോഗത്തിലും കേന്ദ്ര സർക്കാരിനെ കത്തു മുഖേനയും അറിയിച്ചിട്ടുണ്ട്.

കെ. എഫ്. സി.-യിൽ നിന്നുള്ള വായ്പ

46 [221] ശ്രീ. കളത്തിൽ അബ്ദുള്ള:

„ ടി. പി. എം. സാഹിർ:

„ സി. മമ്മുട്ടി:

„ കെ. എൻ. എ. ഖാദർ:

„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ 2003-04 വർഷത്തിൽ എത്ര പേർക്ക് വായ്പ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) വായ്പയായി ആകെ എത്ര തുകയാണ് അനുവദിച്ചത്;

(സി) ഇതുവരെ അനുവദിച്ച തുകയിൽ പിരിഞ്ഞുകിട്ടാൻ എത്ര തുകയുണ്ട്;

(ഡി) ഇതിൽ കിട്ടാക്കടമായി എന്തെങ്കിലും തുക എഴുതിത്തള്ളിയോ;

(ഇ) എങ്കിൽ എന്തു തുകയാണ് എഴുതിത്തള്ളിയതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ 2003-04 വർഷത്തിൽ 581 പേർക്ക് വായ്പ അനുവദിച്ചിട്ടുണ്ട്.

(ബി) ആകെ 169.58 കോടി രൂപ അനുവദിച്ചു.

(സി) ഇതുവരെ അനുവദിച്ച തുകകളിൽ 1844.09 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ഡി) ഉണ്ട്.

(ഇ) 149.17 കോടി രൂപ.

മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട്

47 [222] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലുവാതുക്കൽ മദ്യ ദുരന്തം സംബന്ധിച്ച് മോഹൻകുമാർ കമ്മീഷൻ റിപ്പോർട്ട് എന്നാണ് സർക്കാരിന് ലഭിച്ചത്;

(ബി) പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥ എന്താണെന്നും റിപ്പോർട്ട് സമർപ്പിക്കാതിരിക്കാനുള്ള കാരണവും വ്യക്തമാക്കുമോ?

ഉത്തരം

(എ) 25-2-2003-ൽ സർക്കാരിന് ലഭിച്ചു.

(ബി) ഉണ്ട്. പ്രസ്തുത ആക്ടിലെ വ്യവസ്ഥ അനുസരിച്ച് റിപ്പോർട്ട് ലഭിച്ച് ആറ് മാസത്തിനകം സ്വീകരിച്ച നടപടി രേഖസഹിതം റിപ്പോർട്ട് സഭയിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ റിപ്പോർട്ടിൻമേൽ സർക്കാർ എടുത്ത തീരുമാനമനുസരിച്ച് നിലവിലുള്ള എക്സൈസ് ചട്ടങ്ങളിലും നിയമങ്ങളിലും മാറ്റങ്ങൾ വരുത്തുക, മദ്യദുരന്തവുമായി ബന്ധപ്പെട്ട എക്സൈസ് പോലീസ് ഉദ്യോഗസ്ഥർമാർക്കെതിരെ നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടിയിരുന്നു. പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് ആഭ്യന്തരവകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. സഭയിൽ സമർപ്പിക്കുവാനാവശ്യമായ റിപ്പോർട്ട് അച്ചടിച്ചുവരികയാണ്. അത് ലഭിക്കുന്ന മുറയ്ക്ക് എൻക്വയറി കമ്മീഷൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം റിപ്പോർട്ട് സഭയ്ക്ക് മുമ്പാകെ സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly